കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## മുദാക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail : *lfadtvm@yahoo.in*
*dotvm.ksad@kerala.gov.in*

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.8/1736/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.

Phone No : 0471-2331231
Email : lfadtvm@yahoo.in

തീയതി : 24.9.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുദാക്കൽ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : മുദാക്കൽ ഗ്രാമപഞ്ചായത്ത് 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1,2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.8/1736/2018 തീയതി : 24.9.2018

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

# ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.7.2017 മുതൽ 21.07.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻലാൽ,എസ്.ജെ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.07.2018 മുതൽ 31.07.2018 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. സനിൽ എസ്. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സിന്ധു.പി.എസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സലിം.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സ്വപ്ന.ആർ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ശ്യാമപ്രിയ.എസ്.എസ്. | സീനിയർഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | മേൽവിലാസം |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി വിജയകുമാരി. ആർ. | 01.04.2017മുതൽ 31.03.2018 വരെ | ശിവകൃപ, പാറയടി, പൊയ്കമുക്ക്, പി.ഒ |

| | | | |
|---|---|---|---|
| സെക്രട്ടറി | 1)ശ്രീമതി.അരുണപ്രഭ.എ.ആർ<br><br>2)ശ്രീ.അജയകുമാർ.പി.ജി | 01.04.2017മുതൽ 31.10.2017 വരെ<br><br>01.11.2017മുതൽ 31.03.2018 വരെ | അരുണോദയം, വേങ്ങോട് പി.ഒ, തിരുവനന്തപുരം<br><br>പ്രണവം, പനച്ചമൂട്, വാണ്ടം, നെടുമങ്ങാട് പി.ഒ |

നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.വിദ്യാധരൻ നായർ (01.04.2017 മുതൽ 31.03.2018 വരെ) | ഗായത്രി വേങ്കവിള.പി.ഒ. നെടുമങ്ങാട്. |
| അസി. എഞ്ചിനീയർ | ശ്രീ.ഷംനാദ്.എ<br>01.04.2017മുതൽ 31.03.2018 വരെ | കട്ടയ്ക്കാലിൽ വീട്, പനവൂർ പി.ഒ |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | ഡോ.ലക്ഷ്മി.ജി.ജി<br>01.04.2017മുതൽ 31.03.2018 വരെ) | ശ്രീലക്ഷ്മി, ഇ.കെ.ആർ.എ – 70 , കരിയം, പൗഡിക്കോണം പി.ഒ, തിരുവനന്തപുരം |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രാജശ്രീ<br>( 01.04.2017മുതൽ 31.03.2018വരെ) | ഗോകുലം, ഗവ.ഗസ്റ്റ്ഹൗസിനു സമീപം, വലിയകുന്ന്, അവനവൻചേരി |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.ദീപ.പി<br>(01.04.2017 മുതൽ 31.03.2018 വരെ) | എ 16, കളിയിക്കൽ, പിള്ളവീട് നഗർ, കേശവദാസപുരം |
| വെറ്ററിനറി സർജൻ | ഡോ.സ്മിത തോമസ് (01.04.2017മുതൽ 05.10.2017 വരെ)<br><br>ഡോ.കൃഷ്ണകുമാർ (06.10.2017 മുതൽ 16.11.2017 വരെ)<br><br>ഡോ.അനില പീതാംബരൻ ( 17.11.2017മുതൽ 31.03.2018 വരെ) | 31, കൈലാസ് നഗർ, കേശവദാസപുരം പട്ടം<br><br>വിളയിൽ വീട്,അവനവഞ്ചേരി , ആറ്റിങ്ങൽ<br><br>പ്ലാവില ഹൗസ്, കൈലാത്ത് കോണം കുറക്കട.പി.ഒ |
| വി.ഇ.ഒ(എ-സർക്കിൾ) | ശ്രീ.സജീവ്.ജെ.എസ്<br>(01.04.2017 മുതൽ 31.03.2018വരെ)<br><br>ശ്രീ.സൈജു (01.04.2017 മുതൽ 31.03.2018വരെ) | ശാന്തി നിവാസ്, കതിരുവിള, കുറ്റിമൂട്, കല്ലറ പി ഒ - 695608<br><br>അക്കരവിള വീട്, ഇളമ്പ, ആറ്റിങ്ങൽ |
| കൃഷി ഓഫീസർ | ശ്രീമതി.സിന്ധു ഭാസ്കർ (01.04.2017മുതൽ 09.06.2017 വരെ)<br><br>ശ്രീ.നൗഷാദ്.എ (09.06.2017 മുതൽ 31.03.2018വരെ) | അനുപമ, കോട്ടുക്കൽ പി ഒ, അഞ്ചൽ,കൊല്ലം<br><br>വടക്കേ ബംഗ്ലാവ് , വലിയകുന്ന് MNRA-15 അവനവഞ്ചേരി പി.ഒ., ആറ്റിങ്ങൽ |

| | | |
|---|---|---|
| ICDS സൂപ്പർവൈസർ | ശ്രീമതി.ശ്രീ.രശ്മി (01.04.2017 മുതൽ 06.12.2017 വരെ)<br><br>ശ്രീമതി.മേരിഷൈനി (07.12.2017 മുതൽ 31.03.2018വരെ) | മംഗലശ്രീ, കിഴവിലം പി ഒ, മാമം, ആറ്റിങ്ങൽ<br><br>ജോൺസ് ഹൗസ് , വാർഡ് നം 172, പള്ളിത്തുറ.പി.ഒ. |
| ഹെഡ്മിസ്ട്രസ്സ്, (എൽ.പി.എസ്സ്.മുദാക്കൽ) | ശ്രീമതി. തങ്കമണി (01.04.17മുതൽ 31.03.2018വരെ) | രേവതി, പാറയ്ക്കൽ ആലിയാട്.പി.ഒ. |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി.മിനിമോൾ (01.04.2016 മുതൽ 15.09.2017 വരെ)<br><br>ശ്രീ.ബിജു.വി.ഒ (16.09.2017 മുതൽ 10.11.2017 വരെ)<br><br>ശ്രീമതി.മഞ്ജു (11.11.2107 മുതൽ 31.3.2018വരെ) | റ്റി.സി.-19/886(10), കെ.ആർ.ആർ.എ-204.എൽ, പ്രകാശ് നഗർ,കേശവദേവ് റോഡ്, പൂജപ്പുര,തിരുവനന്തപുരം.<br><br>ജാനകിരാമം,6/407, വട്ടിയൂർക്കാവ്.പി.ഒ, തിരുവനന്തപുരം<br><br>സരിഗ നിവാസ്, കടകം.പി.ഒ ചിറയിൻകീഴ്. |

ഉള്ളടക്കം


| ക്രമ. നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| | ഭാഗം - I | | |
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1.7 | |
| 8 | ക്ഷേമ പദ്ധതികൾ | 1.8 | |
| 9 | ക്യാഷ് പരിശോധന | 1.9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 | |
| 11 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1.11 | |

| | | | |
|---|---|---|---|
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1.12 | |
| | ഭാഗം - II<br><br>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 2.1 | |
| 14 | രസീത്ബുക്കുകൾ യഥാവിധി പരിപാലിച്ചിട്ടില്ല. | 2.2 | |
| 15 | തൊഴിൽ നികുതി | 2-3 | |
| 16 | ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കൽ നടപടി സ്വീകരിച്ചിട്ടില്ല | 2-4 | |
| 17 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. | 2-5 | |
| 18 | വസ്തു നികുതി | 2-6 | |
| 19 | കമ്മ്യൂണിറ്റിഹാൾ വാടക ബൈലോ തയ്യാറാക്കിയിട്ടില്ല. | 2-7 | |
| | ഭാഗം - III<br><br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 20 | സംയുക്തപ്രോജക്റ്റിന് ജില്ലാപഞ്ചായത്ത് വിഹിതം നിർവ്വഹണോദ്യോഗസ്ഥന്റെ ടി.എസ്.ബി അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തതത് ക്രമവിരുദ്ധം. | 3.1 | |
| 21 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ്- നടപടിക്രമം പാലിച്ചില്ല-പ്രോജക്റ്റ് ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് അന്യമാകുന്നു. | 3.2 | |
| 22 | ആസൂത്രണത്തിലെ പിഴവ്- ഉല്പാദനമേഖലയിലെ പ്രോജക്റ്റുകൾ ലക്ഷ്യം കണ്ടില്ല | 3.3 | |
| 23 | അധികംപിരിച്ചഗുണഭോക്തൃവിഹിതം കർഷകർക്ക് തിരികെ നൽകണം- ( 4650/-രൂപ ചെലവ് നിരാകരിക്കുന്നു) | 3.4 | |
| 24 | എ.ബി.സി. പ്രോഗ്രാം നടപ്പാക്കിയിട്ടില്ല | 3.5 | |
| 25 | സംയുക്ത പ്രോജക്റ്റ് - ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചില്ല – ഗുണഭോക്താക്കൾക്ക് ആനുകൂല്യത്തിൽ കുറവ് | 3.6 | |

| | | | |
|---|---|---|---|
| 26 | പൊതുമരാമത്ത് പ്രവൃത്തികളിൽ 2079345/-രൂപ ടെണ്ടർ സേവിംഗ്സായി ലഭിച്ചു- പൊതുമരാമത്ത് വിഭാഗത്തിന്റെ പ്രവർത്തനം ശ്ലാഘനീയം | 3.7 | |
| 27 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സ്ഥാപിക്കൽ -തുക നിക്ഷേപിച്ച് 5 വർഷമായിട്ടും പദ്ധതി കെ.എസ്.ഇ. ബി. നടപ്പിലാക്കിയിട്ടില്ല. | 3.8 | |
| 28 | പ്ലാസ്ററിക് മാലിന്യസംസ്കരണത്തിനുള്ള മെഷീൻവാങ്ങൽപദ്ധതി -ബദൽ മാർഗങ്ങൾ പരിശോധിക്കാം | 3.9 | |
| 29 | കമ്മ്യൂണിറ്റി ഹാൾ നവീകരണം-ഡിസ്മാന്റിൽ ചെയ്ത സാധനകൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കണം | 3.10 | |
| 30 | അങ്കണവാടികൾ- പഞ്ചായത്ത്നിരീക്ഷണക്കമ്മിറ്റി രൂപീകരിക്കണം | 3.11 | |
| 31 | സബ്സിഡി മാർഗരേഖയിലെ അവ്യക്തത – സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു | 3.12 | |
| 32 | മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ചെലവ് - 50,000/-രൂ തടസ്സപ്പെടുത്തുന്നു | 3.13 | |
| 33 | ബാലസഭക്കായി ചെലവാക്കിയ തുക നിഷ്ക്രിയം | 3.14 | |
| 34 | ആരോഗ്യമേഖല- സ്റ്റാറ്റസ് റിപ്പോർട്ടും നടപ്പിലാക്കിയ പദ്ധതികളും പൊരുത്തമില്ല | 3.15 | |
| 35 | മരുന്ന് വാങ്ങൽ പദ്ധതി-ചെലവ് തുകക്കുള്ള മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു | 3.16 | |
| 36 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.- തുക തടസ്സപ്പെടുത്തുന്നു 2361507/- രൂപ | 3.17 | |
| 37 | പദ്ധതി മോണിട്ടറിംഗ് നടത്തിയിട്ടില്ല | 3.18 | |
| | ഭാഗം - IV | | |
| 38 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4.1 | |
| 39 | നിക്ഷേപ പ്രവൃത്തികൾക്ക്നൽകിയ തുകകൾ | 4.2 | |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 | |

| | | | |
|---|---|---|---|
| 41 | വായ്പ തിരിച്ചടവ് | 4.4 | |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 43 | ഓഡിറ്റ് റിക്കവറി | 4.6 | |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4.7 | |
| 45 | ചാർജ്-സർചാർജ് നടപടികളുടെ വിവരം | 4.8 | |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4.9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 29.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 20,25,59,055/-രൂപയും പ്രതീക്ഷിത ചെലവ് 20,14,27,600/- രൂപയും നീക്കിയിരിപ്പ് 11,31,455/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 16.5.2018 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുൻ ബാക്കി | ₹ 14,550,724/- |
| വരവ് | ₹ 9,47,53,448/- |
| ആകെ | ₹ 10,93,04,172/- |
| ചെലവ് | ₹ 9,86,14,593/- |
| നീക്കിയിരുപ്പ് | ₹ 1,06,89,579/- |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (ACR പ്രകാരം) | 0 | 17744998 | 17744998 | 17744998 | 0 |
| വികസന ഫണ്ട് – എസ്.സി.പി (ACR പ്രകാരം) | 0 | 14356801 | 14356801 | 14356801 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 16660969 | 16660969 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4280901 | 4280901 | 4280901 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9761066 | 9761066 | 9761066 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 4985648 | 4985648 | 4985648 | 0 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് – അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 79717 | 1142473 | 1222190 | 1217673 | 4517 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 379879 | 874809 | 1254688 | 555613 | 699075 |
| T.S.C | --- | 110000 | 110000 | 0 | 110000 |
| ശുചിത്വ മിഷൻ | --- | 52800 | 52800 | 0 | 52800 |
| ലിറ്ററസി സ്കീം ഗ്രാന്റ് | --- | 38448 | 38448 | 38448 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | 0 | 439333 | 439333 | 0 | 439333 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 612150 | 612150 | 612150 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 141750 | 141750 | 141750 | - |
| ബി ഫണ്ട് | | 0 | 879920 | 879920 | 879920 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 4848911 | 12516000 | 17364911 | 16268824 | 1096087 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 9114272 | 9254218 | 18368490 | 10229225 | 8139265 |
| | ട്രഷറി അക്കൗണ്ട് | 0 | 0 | 0 | 0 | 0 |
| മറ്റിനം എസ്.ബി.ഐ(.ഇ payment) | | 0 | 68827 | 68827 | 0 | 68827 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫിസർ | 11 | 3038145 | 8 | 1390480 | 1 | 2 | 72.7 |
| 2 | വെറ്റിനറി സർജൻ | 8 | 7564000 | 7 | 6365924 | 1 | 0 | 87.5 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച് സി.) | 7 | 1659000 | 7 | 1605760 | 0 | 0 | 100 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 85000 | 1 | 85000 | 0 | 0 | 100 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1100000 | 1 | 1000000 | 0 | 0 | 100 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5898221 | 6 | 4932295 | 1 | 0 | 85.7 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | വി.ഇ.ഒ | 8 | 10772000 | 6 | 10125800 | 2 | 0 | 75 |
| 8 | സെക്രട്ടറി | 27 | 22273185 | 22 | 15718824 | 5 | 0 | 78.5 |
| 9 | അസി.സെക്രട്ടറി | 10 | 4871698 | 10 | 4698648 | 0 | 0 | 100 |
| 10 | അസി. എഞ്ചിനിയർ | 81 | 39862543 | 61 | 28368026 | 19 | 1 | 75.3 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2963400 | 2 | 1703000 | 0 | 0 | 100 |
| 12 | ഹെഡ്മിസ്ട്രസ്സ് ജി.എൽ.പി.എസ്. | 6 | 1700000 | 6 | 1663901 | 0 | 0 | 100 |
| | ആകെ | 169 | 101787192 | 137 | 77657658 | 29 | 3 | 81 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 79717 | 1142473 | 1222190 | 1217673 | 4517 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 27201842 | 27201842 | 27201842 | 0 |
| ആകെ | 79717 | 28344315 | 28424032 | 28419515 | 4517 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 7713400 | 626 |
| തൊഴിൽരഹിത വേതനം | 205920 | 365 |
| വിധവാ പെൻഷൻ | 22207000 | 1844 |
| വികലാംഗ പെൻഷൻ | 5429700 | 485 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 733100 | 59 |
| വാർദ്ധക്യ പെൻഷൻ | 38727900 | 2966 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 660000 | 22 |
| ആകെ | 75677020 | 6367 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.07.2018 ഉച്ചയ്ക്ക് 3 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 10,621/-രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

(i) പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം ഏറെക്കുറെ ചലനാത്മകമാണ്. ഭരണസമിതി ഓഫീസ് മീറ്റിംഗ് വിളിച്ചുചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും അതനുസരിച്ച് സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകുന്നുണ്ട്. സാമ്പത്തിക പത്രികകൾ തയ്യാറാക്കുന്നതിൽ സി.&.എ.ജി. പുറപ്പെടുവിച്ച പൊതു നിലവാരം ഏറെക്കുറെ കാത്തു സൂക്ഷിക്കുന്നുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം താരതമ്യേന സുതാര്യമാണ്. ക്യാഷും ബാങ്കുമായുള്ള നിയന്ത്രണം കൃത്യമായി പാലിച്ചുവരുന്നുണ്ട്. പണം സ്വീകരിക്കുന്നതിനും ഡെപ്പോസിറ്റ് ചെയ്യുന്നതിനും കണക്ക് സൂക്ഷിക്കുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ചു നൽകിയിട്ടുണ്ട്. എല്ലാ ചെലവുകൾക്ക് വൗച്ചറുകളും സബ് വൗച്ചറുകളും സൂക്ഷിച്ചിട്ടുണ്ട്. വസ്തുനികുതി, തൊഴിൽ നികുതി ഇനങ്ങളിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല. കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യുന്നില്ല. മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്.

ഭരണപരമായ നയങ്ങളുടെ പരിപാലനം നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ പഞ്ചായത്തുകൾ ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. സുതാര്യമായ ധനകാര്യ മാനേജ്മെന്റ്, ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

ഭരണ-ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട് എങ്കിലും താരതമ്യേന മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്.

(ii) പൊതുഭരണം
ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. (ജി.ഒ.എം.എസ്.18/2015/ത.സ്വ.ഭ.വ 29.01.2015) ഇതിന്റെ ഭാഗമായി ഓഫീസ് ക്രമീകരണത്തിന് വേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ യോഗം മാസത്തിലൊരു തവണയെങ്കിലും കൂടേണ്ടതും ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് പ്രസ്തുത യോഗത്തിൽ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് അവതരിപ്പിക്കേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പരിപാടി തയ്യാറാക്കി മിനിട്ട്സിൽ രേഖപ്പെടുത്തുകയും പ്രസ്തുത വിവരം ഭരണസമിതിയെ അറിയിക്കുകയും വേണം. ഗ്രാമപഞ്ചായത്തിലെ ജീവനക്കാർ തൻവർഷം രണ്ടു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. (19.12.2017, 9.3.2018) ആയതിന്റെ മിനിട്സ് തയാറാക്കി ഭരണസമിതിയ്ക്ക് നല്കിയിട്ടുമില്ല.

ഫ്രണ്ട്ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(കൈ)123/09 ത.സ്വ.ഭ.വ തീ.02.07.2009 )

ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട്ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട്ഓഫീസ് ഡയറിയിൽ തപാൽ നം, അപേക്ഷകന്റെ പേര്, സേവനത്തിന്റെ സ്വഭാവം, സേവനം ലഭ്യമാക്കേണ്ട സെക്ഷന്റെ വിശദാംശം, ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അപേക്ഷ തിരികെ ലഭിച്ച തീയതി, സേവനം ലഭിച്ച തീയതി, കൈപ്പറ്റുന്ന ആളുടെ പേര്, ഒപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം. പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടെന്നുറപ്പാക്കാൻ ഫ്രണ്ട്ഓഫീസ് ഡയറി കൃത്യമായി പരിപാലിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട്ഓഫീസ് ഡയറി അപൂർണമാണ്. അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവോയെന്ന് പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഓഫീസ് ഓർഡർ പ്രകാരം ഫ്രണ്ട്ഓഫീസ് പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിക്കുന്നതിന് ജൂനിയർ സൂപ്രണ്ടിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

ഫ്രണ്ട്ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

<u>പൗരാവകാശരേഖ പ്രസിദ്ധീകരിച്ച് വിതരണം ചെയ്യുന്നതിൽ കാലതാമസം</u>

1994-ലെ തദ്ദേശസ്വയംഭരണ സ്ഥാപന നിയമങ്ങളിലെ ഭേദഗതിയിലൂടെ പൗരാവകാശരേഖ സംബന്ധിച്ച വ്യവസ്ഥ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ, സമയപരിധി, നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രേഖയാണത്. 1994-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരം പൗരാവകാശരേഖ നടപ്പു വർഷവും പ്രസിദ്ധീകരിച്ചിട്ടില്ല.(ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധന)

ജനാധിപത്യ സംവിധാനത്തിൽ ഭരണസ്ഥാപനങ്ങളിൽ നിന്നും പൗരന് ലഭിക്കേണ്ട അവകാശങ്ങളെ കുറിച്ചും അവയുടെ നിർവഹണത്തെക്കുറിച്ചും ഉറപ്പ് വരുത്തുവാൻ ഉത്തരവാദിത്വമുള്ള സെക്രട്ടറിയും സേവനമേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ട ചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും അർപ്പിതമായ ഉത്തരവാദിത്തം നിറവേറ്റി കാണുന്നില്ല. പഞ്ചായത്തിന്റെ ഐ.എസ്.ഓ സർട്ടിഫിക്കേഷനുള്ള ഗുണമേന്മാമാന്വൽ -ലെ 8.5.1. ഉപഖണ്ഡിക2 ൽ പൗരാവകാശരേഖ അനുസരിച്ച് സേവനം നൽകുന്നുണ്ടെന്ന് പഞ്ചായത്ത് ഉറപ്പാക്കുന്നുമുണ്ട്.

പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിയ്ക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-11 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.05.2018 | 04/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.04.2018 – 05.05.2018 | 2013-2014 മുതൽ 2017-2018 വരെ | 13.06.2016 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഇല്ല

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

നടപടിക്രമം

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 13.01.17 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | 27.01 17 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 27.01.17 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 13.06.17 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 27.03.17 |

| | | | |
|---|---|---|---|
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 29.03.17 |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വിവിധ ഘടകസ്ഥാപനങ്ങളോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം കൃഷി ഓഫീസർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.,ആയുർവേദം,ഹോമിയോ), വെറ്ററിനറി സർജൻ എന്നീ നിർവഹണോദ്യോഗസ്ഥർ മാത്രമാണ് ബജറ്റ് ശുപാർശ സമർപ്പിച്ചിട്ടുള്ളത്. എല്ലാ ഘടക സ്ഥാപനങ്ങളുടെയും ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്താതെയാണ് ബജറ്റ് തയ്യാറാക്കിയത്.

പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു. (27.3.2018ലെ 9(1) തീരുമാനപ്രകാരം ബജറ്റ് ഭേദഗതി ചെയ്തിട്ടുണ്ട്) ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൗണ്ട്. | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | റെന്റ് | 2201001 | 90000 | 124348 |
| 2 | പ്രിന്റിംഗ് &സ്റ്റേഷനറി | 2202101 | 330000 | 352083 |
| 3 | കൃഷിയും അനുബന്ധ മേഖലയും – ഇഞ്ചി | 2501018 | 100000 | 152205 |
| 4 | മൃഗസംരക്ഷണം-ആട് വളർത്തൽ | 2501032 | 800000 | 1640000 |
| 5 | മൃഗസംരക്ഷണം-കന്നുകുട്ടി പരിപാലനം | 2501034 | 600000 | 1250000 |
| 6 | ഇൻഫ്രാസ്ട്രക്ച്ചർ-റോഡ് | 2522001 | 300000 | 4945042 |
| 7 | other constructions-side walls | 2523102 | 100000 | 2971800 |

## 2-2 <u>രസീത് ബുക്കുകൾ യഥാവിധി പരിപാലിച്ചിട്ടില്ല.</u>

2011-ലെ കേരളപഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 83 പ്രകാരം ഉപയോഗിക്കുന്ന രസീത് ബുക്കുകളിൽ പേജുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം രേഖപ്പെടുത്തി സെക്രട്ടറിയോ അക്കൗണ്ടന്റോ ഇക്കാര്യത്തിനു വേണ്ടി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പുവയ്ക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 11.07.17 മുതൽ 21.07.18 വരെ 42 രസീത് ബുക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ വ്യവസ്ഥകൾക്കനുസൃതമായല്ല രസീത് ബുക്കുകൾ പരിപാലിച്ചിട്ടുള്ളത്. എന്നാൽ സാക്ഷ്യപത്രം രേഖപ്പെടുത്താതെ രസീത് ബുക്കുകൾ വിതരണം ചെയ്യുന്നത് നിയമാനുസൃതമല്ല.

## 2-3 തൊഴിൽ നികുതി

അംഗീകരിച്ച ബജറ്റ് പ്രകാരം തൊഴിൽ നികുതിയിനത്തിൽ 25,00,000/- രൂപയുടെ വരവ് പ്രതീക്ഷിച്ചിരുന്നു. എന്നാൽ തൻവർഷത്തെ യഥാർത്ഥ വരവ് 10,20,768/- രൂപയാണ്. ബജറ്റ് തയ്യാറാക്കിയ വേളയിൽ വിഭവസമാഹരണം സംബന്ധിച്ച പ്രാഥമിക വിവരശേഖരണം നടത്താത്തതിനാലാണ് ഇത്തരം അന്തരമുണ്ടായത്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നം | വകുപ്പ് | നടപടിക്രമം |
|---|---|---|
| 1 | 205(ബി) | നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ സമർപ്പിക്കുവാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. |
| 2 | 205(ഇ) | സ്ഥാപനങ്ങൾ മുതലായവയുടെ പേര് നൽകുന്നതിന് ആവശ്യപ്പെടൽ. |
| 3 | 205(സി) | തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടൽ. |
| 4 | 205(എഫ്II) | ഓരോ വർഷവും ഓഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിന് മുമ്പ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. |
| 5 | 205(ഡി) | തൊഴിലുടമകൾ നികുതി വസൂലാക്കൽ. |

നിർദ്ദിഷ്ട മാതൃകയിലുള്ള പത്രികയിൽ എല്ലാ രേഖപ്പെടുത്തലുകളും വരുത്തിയാണ് സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടത് ഓഫീസ് ഓർഡർ പ്രകാരം ചുമതലയേൽപ്പിച്ച സെക്ഷന്റെയും മേൽനോട്ടം വഹിക്കേണ്ട ഉദ്യോഗസ്ഥന്റെയും ചുമതലയാണ്. എന്നാൽ മേൽ പ്രസ്താവിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ തൊഴിൽ നികുതി ഈടാക്കിയതിൽ ചുവടെ പറയുന്ന അപാകങ്ങൾ സംഭവിച്ചിട്ടുണ്ട്.

i. നിർദ്ദിഷ്ട മാതൃകയിലുള്ള പത്രികയിൽ റിട്ടേൺ സമർപ്പിച്ചിട്ടില്ല.

a. കെ.എസ്.ഇ.ബി (I,II അർദ്ധ വർഷങ്ങൾ)
b. മുദാക്കൽ ഗ്രാമപഞ്ചായത്ത് (Iഅർദ്ധ വർഷം)

ii. സമർപ്പിച്ച പത്രിക അപൂർണ്ണം.

a. കാനറാ ബാങ്ക്(I,II അർദ്ധ വർഷങ്ങൾ)
b. ക്രൈസ്റ്റ് നഗർ സ്കൂൾ(Iഅർദ്ധ വർഷം)

iii. തുക ഒടുക്കുവരുത്തിയിട്ടില്ല

1. മുദാക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ എച്ച്.ഐ, ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻമാർ (11ജീവനക്കാർ ), അലീൻ ക്യാഷ്യൂ ഫാക്ടറിയിലെ ജീവനക്കാർ എന്നിവർ രണ്ട് അർദ്ധവർഷവും റിട്ടേൺ സമർപ്പിക്കുകയോ തൊഴിൽ നികുതി ഒടുക്കുവരുത്തുകയോ ചെയ്തിട്ടില്ല. (അവലംബം: സ്ഥാപനം തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട്, രജിസ്റ്റർ, പ്രൈമറി ഹെൽത്ത് സെന്ററിന്റെ ഹാജർബുക്ക് എന്നിവയുടെ പരിശോധന)

2. മുദാക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ലാബ് ടെക്നീഷ്യൻ 13,900/-രൂപ നിരക്കിലും സ്റ്റാഫ് നേഴ്സിന് 10,000/-രൂപ നിരക്കിലും വേതനം നൽകിയിട്ടുണ്ട്. പ്രസ്തുത വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. (ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 27.07.18-ൽ 118080102457, 118080102458 നം രസീത് പ്രകാരം തുക ഒടുക്കുവരുത്തിയിട്ടുണ്ട്.)

## 2-4 ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കൽ നടപടി സ്വീകരിച്ചിട്ടില്ല

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 10.01.18.ലെ IV-ാം നം തീരുമാന പ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും ആയത് പുതുക്കിയിട്ടില്ല. ഓഫീസ് ഓർഡർ പ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കുവാൻ സെക്രട്ടറി ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. ബജറ്റ് രൂപീകരണവേളയിൽ നിലവിലെ വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ചിട്ടില്ല (ബജറ്റ് ഫയൽ). ഇതിന്മേലുള്ള തുടർനടപടി നിരീക്ഷിക്കുന്നതിൽ ഭരണസമിതിയും ശ്രദ്ധ ചെലുത്തിയിട്ടില്ല.

## 2-5 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4,6 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ പ്രവർത്തിക്കുന്ന കമ്പനികളിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കേണ്ടതാണ്. സ്ഥാപനത്തിലെ സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന ചുവടെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന നികുതി ഒടുക്കുവരുത്തിയിട്ടില്ല.

a. അലീൻ ക്യാഷ്യൂ ഫാക്ടറി.
b. സർവ്വീസ് സഹകരണ ബാങ്ക് ഇടയ്ക്കോട്.
c. ക്ഷീരോത്പാദക സഹകരണ സംഘം കല്ലിൻമൂട്.

(അവലംബം:സ്റ്റാറ്റസ്റിപ്പോർട്ട്, സ്ഥാപന ലിസ്റ്റ് )

## 2-6 വസ്തു നികുതി

2017-18 സാമ്പത്തിക വർഷം ബജറ്റ് പ്രകാരം വസ്തു നികുതിയുടെ പ്രതീക്ഷിത വരുമാനം 30,00,000/-രൂപയും, തൻവർഷം ഡിമാന്റ് ചെയ്തിട്ടുള്ളത് (റസിഡൻഷ്യൽ-നോൺ റസിഡൻഷ്യൽ ഉൾപ്പെടെ) 2608396/- രൂപയും ആണ്. എന്നാൽ തൻവർഷം വസ്തു നികുതിയിനത്തിൽ വരവ് 2192704/-രൂപയാണ്. പഞ്ചായത്തിലെ നികുതി നിർണയ പുന:ക്രമീകരണ നടപടികൾ പുരോഗമിച്ചു വരുന്നതിനാൽ (ഡേറ്റാ പ്യൂരിഫിക്കേഷൻ) ഇത് സംബന്ധിച്ച വിശദമായ പരിശോധന നടത്താനായില്ല.

## 2-7 കമ്മ്യൂണിറ്റിഹാൾ വാടക ബൈലോ തയ്യാറാക്കിയിട്ടില്ല.

കമ്മ്യൂണിറ്റി ഹാൾ വാടകയിനത്തിൽ തൻവർഷം 1,00,000/-രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകുന്നതിന് 1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാകാനുള്ള നടപടിക്രമം) ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരമുള്ള ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ഹാൾവാടക ബുക്കിംഗ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 16/25.7.2018) ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സംയുക്തപ്രോജക്ടിന് ജില്ലാപഞ്ചായത്ത് വിഹിതം നിർവ്വഹണോദ്യോഗസ്ഥന്റെ ടി.എസ്.ബി അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തതത് ക്രമവിരുദ്ധം.

| പ്രോജക്ട് നം | പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 142/18 | ഒന്നാംവിള നെൽകൃഷി - ഉല്പാദനോപാധികളുടെ വിതരണം | ഗ്രാമപഞ്ചായത്ത് (വികസന ഫണ്ട് ) | 190312/- | 190312/- |
| | | ജില്ല പഞ്ചായത്ത് (വികസന ഫണ്ട്) | 34000/- | 34000/- |
| | | ബ്ലോക്ക് പഞ്ചായത്ത് (വികസന ഫണ്ട് ) | 34000/- | 34000/- |
| | | ഗുണഭോക്തൃ വിഹിതം | 31000/- | 31000/- |
| ആകെ | | | 289312/- | 289312/- |
| നിർവ്വഹണം - കൃഷിഓഫീസർ<br>സ്റ്റാന്റിംഗ്കമ്മിറ്റി - വികസന കാര്യം | | | | |

ഒന്നാംവിള നെൽകൃഷിക്ക് ഉൽപാദനോപാധി വിതരണം എന്ന പ്രോജക്ടിന്റെ നിർവ്വഹണം ഗ്രാമപഞ്ചായത്താണ്. ധനകാര്യവകുപ്പിന്റെ 23.1.17 ലെ ജി.ഒ(പി)07/2017 എന്ന ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് നിർവ്വഹണം നടത്തുന്ന തദ്ദേശസ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങൾ പദ്ധതി വിഹിതം കൈമാറണമെന്നാണ് വ്യവസ്ഥ. ഈ വ്യവസ്ഥയ്ക്ക് വിപരീതമായി ജില്ലാപഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തിന് നൽകാതെ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണോദ്യോഗസ്ഥന്റെ ടി.എസ്.ബി അക്കൗണ്ടിലേക്ക് നൽകി (ചെക്ക് നം 7618633/28.03.18). ഇപ്രകാരം തുക നൽകുന്നത് മേൽ സർക്കാർ ഉത്തരവിന്റെയും നിലവിലെ അക്കൗണ്ടിംഗ് രീതിയുടേയും ലംഘനമാണ്. പദ്ധതി മോണിറ്ററിംഗ് വേളയിൽ ഈ വിഷയം ചർച്ചചെയ്തിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥർ ഈ വിവരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് റിപ്പോർട്ട് ചെയ്ത് ഭരണസമിതി വഴി മേൽനടപടി സ്വീകരിയ്ക്കേണ്ടതാണ്.

### 3-2 ഗുണഭോക്തൃ തെരഞ്ഞെടുപ്പ്- നടപടിക്രമം പാലിച്ചില്ല-പ്രോജക്റ്റ് ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് അന്യമാകുന്നു.

ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 2017-18 സാമ്പത്തിക വർഷം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശവും

(സ.ഉ(എം.എസ്.80/2017/ത.സ്വ.ഭ.വതീ.3.4.2017) ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം | സർക്കാർ മാർഗനിർദ്ദേശം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമം |
|---|---|---|
| 1 | വ്യാപകമായ പ്രചരണം നൽകി ആവശ്യമുള്ള മുഴവൻ പേർക്കും അപേക്ഷ നൽകാനുള്ള അവസാന തീയതിയും, സമയവും നിശ്ചയിക്കൽ | നിർദ്ദേശം പാലിച്ചിട്ടുണ്ട്. |
| 2 | അപേക്ഷ സ്വീകരിച്ച ശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരുടെ കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം | അപ്രകാരമുള്ള രേഖകൾ ലഭ്യമല്ല. |
| 3 | അർഹരായവരിൽ നിന്നും മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴവൻപേരെയും ഉൾപ്പെടുത്തി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കണം | മാർക്ക് രേഖപ്പെടുത്തി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. (അപേക്ഷ പരിശോധനയുടെ അടിസ്ഥാനത്തിൽ) |
| 4 | ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണം. | ഫീൽഡ് ലെവൽ പരിശോധന നടത്തിയിട്ടില്ല<br>(അപേക്ഷ പരിശോധനയുടെ അടിസ്ഥാനത്തിൽ) |
| 5 | പരിശോധനയുടേയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽകരട് മുൻഗണനാലിസ്റ്റ് പുതുക്കി തയ്യാറാക്കണം | നടപടിക്രമം പാലിക്കാതെ ലിസ്റ്റ് തയ്യാറാക്കി |
| 6 | കരട് മുൻഗണനാലിസ്റ്റ് അപേക്ഷകൾസഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കി മിനിട്സ് രേഖപ്പെടുത്തണം | തയ്യാറാക്കിയ ലിസ്റ്റ് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകൾ ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല. |
| 7 | ഗ്രാമസഭ മിനിട്സിൽ രേഖപ്പെടുത്തിയ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ച നൽകണം | ലിസ്റ്റിന് ഭരണസമിതി അംഗീകാരം നല്കിയിട്ടുണ്ട്. (3.8.17ലെ 2(1)തീരുമാനം |

സ.ഉ(എം.എസ്.80/2017/ത.സ്വ.ഭ.വ തീ.3.4.2017 പ്രകാരം ഓരോ വാർഡിലേയും ഗുണഭോക്താക്കളുടെ എണ്ണത്തിൽ ആനുപാതികമായി പ്രോജക്റ്റിന്റെ തദ്ദേശഭരണസ്ഥാപനതല ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്ന നിർദ്ദേശം പാലിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച നടപടിക്രമങ്ങളിൽ ക്രമ നം. 2,3,4,5,6 (ഭാഗികം) പാലിക്കാതെയാണ് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശം പൂർണമായും പാലിച്ച് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയാൽ പദ്ധതി നിർവഹണത്തിൽ ഗുണഭോക്താക്കളുടെ കുറവ് മൂലം വികസനഫണ്ട് പൂർണമായി ഉപയോഗിക്കാനാകാത്ത സാഹചര്യം ഒഴിവാക്കാനാകും. (പ്രോജക്റ്റ് നം.148/18 എസ്.സി.വനിത-ആട്ടുവളർത്തൽ, നം.137/18 മുട്ടക്കോഴി വിതരണം) കൂടാതെ അർഹത ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതും ഒഴിവാക്കാനാകും. (പ്രോജ.6/18,ഓട്ടോറിക്ഷാ വിതരണം) കൃഷി, മൃഗസംരക്ഷണം, ദാരിദ്ര്യലഘൂകരണം എന്നീ മേഖലകളിലേയ്ക്ക് തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റ് പ്രകാരമുള്ള അപേക്ഷകൾ പരിശോധിച്ചതിൽ നിന്നാണ് ഓഡിറ്റ് ഈ കാര്യം വിലയിരുത്തിയത്.

## 3-3 ആസൂത്രണത്തിലെ പിഴവ്-ഉല്പാദനമേഖലയിലെ പ്രോജക്ടുകൾ ലക്ഷ്യം കണ്ടില്ല

2017-18 വർഷത്തെ ആസൂത്രണത്തിൽ വർക്കിംഗ് ഗ്രൂപ്പ് ആസൂത്രണസമിതിയുടെ സഹായത്താൽ തയ്യാറാക്കുന്ന കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ ഗ്രാമസഭായോഗങ്ങളിൽ അവതരിപ്പിച്ച്, ചർച്ച ചെയ്ത്, മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും വികസന സെമിനാറിന്റെയും പരിഗണനയ്ക്ക് സമർപ്പിക്കണം എന്നത് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്, ഇപ്രകാരം പ്രോജക്ടുകളുടെ അടങ്കൽ തുക, ഗുണഭോക്താക്കൾ, ലക്ഷ്യം, മേഖലാ വിലയിരുത്തൽ എന്നിവ സംബന്ധിച്ച ശുപാർശ അതത് സ്റ്റാന്റിംഗ് കമ്മിറ്റികൾ നൽകേണ്ടതും അവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയിന്മേൽ ഭരണസമിതി തീരുമാനിക്കേണ്ടതും ആണ്. പ്രോജക്ടിന്റെ യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ ഉറപ്പുവരുത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. എന്നാൽ മേൽ വിവരിച്ച നടപടിക്രമം പാലിച്ചതിന് രേഖകളില്ല. കൃഷി, മൃഗസംരക്ഷണം അനുബന്ധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പ് 2017-18 സാമ്പത്തികവർഷം മൂന്ന് പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട് (25.1.17, 18.3.17, 16.5.17). യോഗത്തിന്റെ മിനിട്സിൽ "സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ചു, പ്രോജക്ടുകൾ ശുപാർശ ചെയ്തു " എന്നിങ്ങനെയുള്ള രേഖപ്പെടുത്തലുകൾ മാത്രമാണുള്ളത്. സർക്കാർ ഉത്തരവുകളിലെ (9.1.2017ലെ സ.ഉ(എം.എസ്)10/2017/ത.സ്വ.ഭ.വ, 29.3.2017ലെ സ.ഉ(എം.എസ്)72/2017/ത.സ്വ.ഭ.വ) നിർദ്ദേശങ്ങൾ പൂർണമായും പാലിച്ചിട്ടില്ല. ഉല്പാദന മേഖലയിലെ പദ്ധതി നിർവഹണത്തിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ ഗ്രാമസഭ വഴി വിതരണം ചെയ്ത അപേക്ഷാഫോറത്തിലോ അനുബന്ധമായി ചേർത്ത നിബന്ധനകൾ / മാനദണ്ഡങ്ങളുടെ ഭാഗത്തോ ഗുണഭോക്തൃ വിഹിതത്തെക്കുറിച്ച് സൂചനകളില്ല. പ്രോജക്ടിനെക്കുറിച്ച് വ്യക്തമായ അവബോധമില്ലായ്മ, ഗുണഭോക്തൃവിഹിതം ഒടുക്കുന്നതിൽ നിന്ന് പിന്തിരിയാനും തദ്വാര പദ്ധതിപ്പണം ചെലവഴിക്കാനാകാത്ത സാഹചര്യം സൃഷ്ടിക്കാനും കാരണമായിട്ടുണ്ട്. പ്രോജക്ടുകളിൽ ഗുണഭോക്തൃ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പിനും, ആസൂത്രണസമിതിയ്ക്കും കഴിയാത്തതിനാൽ ഈ മേഖലയിലെ പദ്ധതികൾ ഉപേക്ഷിക്കേണ്ടതായും വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | മേഖല | അംഗീകാരം നേടിയ പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|---|---|
| 1 | കൃഷി | 11 | 8 | 2 | 1 | 3038145 | 1390480 | 45.77 |
| 2 | മൃഗസംരക്ഷണം | 8 | 7 | 0 | 1 | 7564000 | 6365924 | 84.16 |
| 3 | ക്ഷീരവികസനം | 2 | 2 | 0 | 0 | 2963400 | 1703000 | 57.47 |

(1) *വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രോജക്ടിലെ അപാകത.*

| പ്രോ.നം | പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 148/18 | ആട്ടുവളർത്തൽ എസ്.സി വനിത | വികസനഫണ്ട് എസ്.സി<br>ഗുണഭോക്തൃ വിഹിതം | 1200000/-<br>800000/- | 684000/-<br>456000/- |
| ആകെ | | | 2000000/- | 1140000/- |
| സ്റ്റാന്റിംഗ്കമ്മിറ്റി - വികസന കാര്യം | | | | |

വനിത ഘടക പദ്ധതിയിൽ (എസ്.സി) ഉൾപ്പെടുത്തി 100 വനിതകൾക്ക് 2 ആടുകൾ വീതം നൽകുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തത്. ഗുണഭോക്തൃ വിഹിതമിനത്തിൽ 8,000/- രൂപയും, സബ്സിഡി ഇനത്തിൽ

12,000/- രൂപയുമാണ് ഒരു ഗുണഭോക്താവിന് പ്രോജക്ടിൽ വകയിരുത്തിയത്. എസ്.സി വിഭാഗത്തിൽപ്പെട്ട വനിതകളുടെ സാമ്പത്തിക ഉന്നമനമാണ് പദ്ധതി ലക്ഷ്യം. പ്രോജക്ടിന്റെ നിർവ്വഹണത്തിനായി 253 പേർ അടങ്ങിയ ഗുണഭോക്തൃ ലിസ്റ്റ് നിർവ്വഹണോദ്യോഗസ്ഥന് നൽകിയിട്ടുണ്ട്. എന്നാൽ അംഗീകൃത ലിസ്റ്റിൽപ്പെട്ട 57 പേർ മാത്രമാണ് പ്രോജക്ട് നിർവ്വഹണ വേളയിൽ ഗുണഭോക്തൃവിഹിതം അടയ്ക്കാൻ തയ്യാറായത്. നിർവ്വഹണോദ്യോഗസ്ഥൻ രേഖാമൂലം ഭരണസമിതിക്ക് ഈ വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭരണസമിതി 13.12.2017ലെ തീരുമാനം നമ്പർ 20/1 പ്രകാരം ഗുണഭോക്തൃവിഹിതം അടക്കാൻ താത്പര്യമുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ നിർദ്ദേശിച്ചു. പ്രസ്തുത നിർദ്ദേശം പാലിക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിച്ചെങ്കിലും ഫലം കണ്ടില്ല. അർഹരായ ഗുണഭോക്താക്കളുടെ അഭാവത്തിൽ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ മുഴുവൻ തുകയും വിനിയോഗിച്ച് പദ്ധതി ലക്ഷ്യം നേടാൻ സ്ഥാപനത്തിനായില്ല.

(2) *<u>കൃഷിഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് - അംഗീകൃത പ്രോജക്ടുകൾ ഉപേക്ഷിച്ചു</u>*

| | | | |
|---|---|---|---|
| പ്രോജക്ട് നം - 145/17-18 | കിണർ റീചാർജ്ജിംഗ് (ജനറൽ) | വികസന ഫണ്ട് - 655200 | സ്റ്റാന്റിംഗ്കമ്മിറ്റി: വികസന കാര്യം |
| പ്രോജക്ട് നം - 146/17-18 | കിണർ റീചാർജ്ജിംഗ് (എസ്.സി) | വി.ഫ.(എസ്.സി.പി) – 240000 | |

കിണർ റീചാർജ്ജിംഗ് എന്ന പ്രോജക്ടിന് ജനറൽ വിഭാഗത്തിൽ 224 ഗുണഭോക്താക്കളുടേയും എസ്.സി വിഭാഗത്തിൽ 67 ഗുണഭോക്താക്കളുടേയും അംഗീകൃത ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയിട്ടുണ്ട്. എന്നാൽ അംഗീകാരത്തിന് നൽകിയ പ്രോജക്ടിൽ ഗുണഭോക്താവിനു ലഭിക്കുന്ന ആനുകൂല്യം, പ്രവർത്തന കലണ്ടർ, അധിക വിവരങ്ങളും രേഖകളും പ്രോജക്ടിന്റെ തുടർ നടത്തിപ്പും, സംരക്ഷണവും തുടങ്ങിയ വിവരങ്ങൾ വ്യക്തമാക്കിയിട്ടില്ല. ഈ വിഷയത്തിൽ 12.12.2017 ൽ സ.ഉ(സാധ)നം.3989/2017 നമ്പരായി ത.സ്വ.ഭ.വ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് പ്രോജക്ട് നടപ്പിലാക്കുന്നതിന് 7.02.2018ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പ്രോജക്ടും ഗുണഭോക്തൃലിസ്റ്റും ലഭ്യമായിരിക്കെ പ്രസ്തുത പ്രോജക്ട് ഉപേക്ഷിക്കാനുണ്ടായ കാരണം വ്യക്തമല്ല. ആസൂത്രണത്തിലെ പാളിച്ചയാണ് വികസനഫണ്ടിന്റെ നഷ്ടത്തിന് കാരണം. മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിന്റെ നിയന്ത്രണത്തിലുള്ള കൃഷിയും അനുബന്ധമേഖലയും വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്നതിൽ ശ്രദ്ധിച്ചില്ല. ഈ ഇനത്തിൽ ഗുണഭോക്താക്കൾക്ക് ലഭിക്കുമായിരുന്ന 8,95,200/- രൂപയുടെ വികസന ഫണ്ട് നഷ്ടമായി.

## 3-4 <u>അധികം പിരിച്ച ഗുണഭോക്തൃവിഹിതം കർഷകർക്ക് തിരികെ നൽകണം- (4650/-രൂപ ചെലവ് നിരാകരിക്കുന്നു)</u>

| പ്രോജക്ട് നം. | പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നം , തീയതി, തുക |
|---|---|---|---|---|---|
| 132/18 | വാഴകൃഷി വികസനം | വികസന ഫണ്ട്<br>ഗുണഭോക്തൃ വിഹിതം | 119000/-<br>23800/- | 119000/-<br>28450/- | 2/17-18, 30.10.17, 72000/-<br>5/17-18, 30.10.17, 27000/-<br>15/17-18, 27.03.18, 20000/-<br>ഗുണ.വി 28450/- രൂപ ഡിവിഷണൽ എഞ്ചിനീയർ KAICO തിരു. അക്കൗണ്ട് നം 57012937708 എസ്.ബി.ഐ പുത്തൻചന്ത എന്ന അക്കൗണ്ടിലേക്ക് 23.03.18 ൽ ട്രാൻസ്ഫർ ചെയ്തു. ചെക്ക് നം:2538333/23.03.18 |
| | | ആകെ | 142800/- | 147450/- | |
| നിർവ്വഹണം - കൃഷി ഓഫീസർ<br>സ്റ്റാന്റിംഗ്കമ്മിറ്റി - വികസന കാര്യം | | | | | |

ഗ്രാമസഭ തെരഞ്ഞെടുത്ത 5 സെന്റ് കൃഷിഭൂമി സ്വന്തമായുള്ള കർഷകർക്ക് 25 വാഴക്കന്ന് നൽകുന്നതാണ് പ്രോജക്ട്. ഒരു ഗുണഭോക്താവ് 200രൂപ (25x8രൂപ) ഗുണഭോക്തൃവിഹിതമായി ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തണമെന്ന വ്യവസ്ഥയിൽ 119 യൂണിറ്റുകൾക്ക് ആനുകൂല്യം നൽകാനാണ് പ്രോജക്ട് വിഭാവനം ചെയ്തത് . പ്രസ്തുത യൂണിറ്റിന് ഒന്നിന് 200രൂപ ഗുണഭോക്തൃവിഹിതത്തിന് പകരം 93 ഗുണഭോക്താക്കളിൽ നിന്നും 250/- രൂപ ക്രമത്തിൽ ഗുണഭോക്തൃവിഹിതം ഈടാക്കി, വിത്തുകളുടെ വിലയായി KAICO ക്ക് നൽകി. ഇപ്രകാരം 4650/-രൂപ അധികമായി നൽകി. (28450 – 23800). 23800/- രൂപയുള്ള 2975 വാഴക്കന്നുകൾ മാത്രമാണ് ലഭിച്ചത്. അധികം നൽകിയ 4650/-രൂപ KAICOയിൽ നിന്ന് തിരികെ ഈടാക്കി ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥന്റെ മേൽനോട്ടക്കുറവാണ് ഇതിന് കാരണം.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/27.7.2018), ക്ലറിക്കൽ പിഴവ് ആണെന്നും, അധികം ഈടാക്കിയ ഗുണഭോക്തൃവിഹിതം തിരികെ നല്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

## 3-5 എ.ബി.സി. പ്രോഗ്രാം നടപ്പാക്കിയിട്ടില്ല

ആനിമൽ ബർത്ത് കൺട്രോൾ (ഡോഗ്സ്) ചട്ടങ്ങൾ 2001 -ലെ ചട്ടം 3(3), 3-4-17 ലെ സർക്കാർ ഉത്തരവ് നമ്പർ 80/2017-ലെ ഖണ്ഡിക 11-3-2 എന്നിവ പ്രകാരം തെരുവ് നായ്ക്കളുടെ എണ്ണം കുറയ്ക്കുന്നതിനുവേണ്ടി നടപ്പാക്കേണ്ട എ.ബി.സി. പ്രോഗ്രാമിന് തൻവർഷം വികസനഫണ്ടിൽ നിന്നും 2,00,000/- വകയിരുത്തി. പദ്ധതിക്കുവേണ്ടി കുടുംബശ്രീ ജില്ലാമിഷന് 9-2-2018 ൽ തുക കൈമാറിയെങ്കിലും തൻവർഷം പദ്ധതി നടപ്പാക്കിയിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിന്റെ കീഴിലുള്ള മൃഗസംരക്ഷണ-ക്ഷീരം വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ടച്ചുമതല യഥാസമയം നടത്തിയിട്ടില്ലാത്തതാണ് ഇതിന് കാരണമെന്ന് വിലയിരുത്തുന്നു.

## 3-6 സംയുക്ത പ്രോജക്ട് - ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചില്ല – ഗുണഭോക്താക്കൾക്ക് ആനുകൂല്യത്തിൽ കുറവ്

പ്രോജക്ട് നം : 126/17-18 – ക്ഷീര വർദ്ധിനി

നിർവഹണം : ഡയറി - എക്സ്റ്റൻഷൻ ഓഫീസർ

സ്റ്റാന്റിംഗ്കമ്മിറ്റി : വികസന കാര്യം

| സ്ഥാപനം | അടങ്കൽ | ചെലവ് |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 200000 | 200000 |
| ബ്ലോക്ക്പഞ്ചായത്ത് | 200000 | 200000 |
| ജില്ലാ പഞ്ചായത്ത് | 200000 | 121350 |
| ആകെ | 600000 | 521350 |

ആസൂത്രണ സമിതി അംഗീകാരം നേടിയ മേൽ സൂചിപ്പിച്ച പ്രോജക്ട് നിർവ്വഹണം നടത്തിയത് ഗ്രാമപഞ്ചായത്താണ്. പ്രോജക്ടിൽ പങ്കാളികളായ ബ്ലോക്ക്പഞ്ചായത്ത് രണ്ട് ലക്ഷം രൂപയും (ചെക്ക് നം 2538001) ജില്ലാ പഞ്ചായത്ത് 1,21,350/-രൂപ (ചെക്ക് നം 253830) യുമാണ് ഗ്രാമപഞ്ചായത്തിന് നൽകിയത്.

എന്നാൽ അംഗീകൃത പ്രോജക്ട് പ്രകാരം ജില്ലാ പഞ്ചായത്ത് രണ്ട് ലക്ഷം രൂപ നൽകുന്നതിന് പകരം 1,21,350/- രൂപയാണ് നൽകിയത്. ഈ ഇനത്തിൽ ഗുണഭോക്താകൾക്ക് 78,650/-രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. നിർവ്വഹണ വേളയിൽ ഗ്രാമപഞ്ചായത്തിനേയും ജില്ലാപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥനേയും വിവരം അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണത്തിന് മറുപടി). പ്രസ്തുത വിഷയം മൃഗസംരക്ഷണ ക്ഷീരവികസനം എന്ന വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തിട്ടില്ല (മിനിട്സ് പരിശോധന). വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ വേണ്ടത്ര ഇടപെടൽ നടത്താത്തതിനാൽ ഗുണഭോക്താകൾക്ക് ലഭ്യമാകേണ്ട ആനുകൂല്യത്തിൽ മേൽ സൂചിപ്പിക്കും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്.

## 3-7 പൊതുമരാമത്ത് പ്രവൃത്തികളിൽ 2079345/-രൂ ടെണ്ടർ സേവിംഗ്സായി ലഭിച്ചു- പൊതുമരാമത്ത് വിഭാഗത്തിന്റെ പ്രവർത്തനം ശ്ലാഘനീയം

2017-18 വർഷത്തിൽ വിവിധ പ്രവൃത്തികൾ ചെയ്തയിനത്തിൽ ടെണ്ടർസേവിംഗ്സ് ആയി 20,79,345/- രൂപ ലഭിയ്ക്കുകയുണ്ടായി. പ്രസ്തുത തുക ഉപയോഗിച്ച് 11 പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കി നടപ്പിലാക്കി വരുന്നു. ഇപ്രകാരം ടെണ്ടർ മിച്ചം വരുത്താൻ കഴിഞ്ഞതിൽ പൊതുമരാമത്ത് വിഭാഗത്തിന്റെ പ്രവർത്തനം ശ്ലാഘനീയമാണ്.

## 3-8 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സ്ഥാപിക്കൽ -തുക നിക്ഷേപിച്ച് 5വർഷമായിട്ടുംപദ്ധതി കെ.എസ്.ഇ.ബി.നടപ്പിലാക്കിയിട്ടില്ല.

2013-14 വാർഷികപദ്ധതിയിൽ ഉൾപ്പെട്ട മേൽപ്പറഞ്ഞ പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് 5,83,000/- രൂപ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നാളിതുവരെയും നടപ്പാക്കിയിട്ടില്ല. ഊർജവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പദ്ധതി ഫലപ്രാപ്തിയിലെത്തിക്കുന്നതിന് വേണ്ട മോണിറ്ററിംഗ് നടത്തിയതായിക്കാണുന്നില്ല. പദ്ധതി പുരോഗതിയെപ്പറ്റി വികസന സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തൽ നടത്തി പഞ്ചായത്ത് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

## 3-9 പ്ലാസ്ററിക് മാലിന്യസംസ്കരണത്തിനുള്ള മെഷീൻവാങ്ങൽപദ്ധതി-ബദൽ മാർഗങ്ങൾ പരിശോധിക്കാം

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പദ്ധതി നം – 181/18

പദ്ധതി അടങ്കൽ – 23,48,409/-

മുദാക്കൽ ഗ്രാമപഞ്ചായത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി മാലിന്യസംസ്കരണ മെഷീൻ വാങ്ങി പ്ലാസ്ററിക് മാലിന്യങ്ങൾ സംസ്കരിക്കുക എന്നതാണ് പദ്ധതി. പഞ്ചായത്ത് പരിധിയിൽപെട്ട സത്യസായി ഓർഫനേജ് ട്രസ്ററിന്റെ കീഴിലുള്ള സായിഗ്രാമത്തിൽ നിന്നും ഭൂമി 25 വർഷത്തേയ്ക്ക് ലീസിനെടുത്ത് അവിടെ മെഷീൻ സ്ഥാപിക്കാനാണ് തീരുമാനം. പ്ലാസ്ററിക് മാലിന്യം റീസൈക്കിൾ ചെയ്ത് ഗ്രാന്യൂൾസ് ആക്കി പുനരുല്പാദനത്തിന് തയ്യാറാക്കും. ഒരു മണിക്കൂറിൽ 100 മുതൽ 120 കിലോ വരെ പ്ലാസ്ററിക്, പ്ലാൻറിലൂടെ ഗ്രാന്യൂൾസ് ആക്കാൻ പറ്റും. കരട് കരാറിൽ LLDP,LD,HD,PL എന്നീ പ്ലാസ്ററിക്കുകൾ മാത്രമേ സംസ്കരിക്കുകയുള്ളൂവെന്നും ലീസ് കാലാവധി 10 വർഷമായി കുറയ്ക്കണമെന്നും സത്യസായി ട്രസ്റ്റ് പറയുന്നു. അന്തിമ കരാറിൽ ഏർപ്പെടാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ അഭിമുഖീകരിയ്ക്കാനിടയുള്ള ചുവടെ പറയുന്ന പ്രശ്നങ്ങളും മറ്റ് സാധ്യതകളും പരിശോധിക്കാവുന്നതാണ് .

1. പ്ലാന്റിന്റെ പ്രായോഗികത സംബന്ധിച്ച സാധ്യതാപഠനം.

2. പ്ലാന്റിന്റെ കപ്പാസിററിയ്ക്കനുസരിച്ചുള്ള മാലിന്യങ്ങൾ യഥാസമയം നൽകുവാൻ പഞ്ചായത്തിനു സാധിക്കുമോ ; ഇല്ലെങ്കിൽ നഷ്ടപരിഹാരം നൽകേണ്ട സാഹചര്യം, അതുമൂലം ഉണ്ടാകാവുന്ന നിയമപ്രശ്നങ്ങൾ.

3. ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യത. തന്മൂലം ഒഴിവാക്കാവുന്ന അധിക സാമ്പത്തിക ബാധ്യത. (നിലവിൽ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിൽ ഇത്തരം പ്ലാന്റ് പ്രവർത്തിച്ചുവരുന്നു.)

4. ഈ വിഷയത്തിൽ ശുചിത്വമിഷന്റെ സാങ്കേതിക സഹായം ലഭ്യമാക്കൽ.

## 3-10 കമ്മ്യൂണിറ്റി ഹാൾ നവീകരണം-ഡിസ്മാന്റിൽ ചെയ്ത സാധനങ്ങൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കണം

മുദാക്കൽ ഗ്രാമപഞ്ചായത്തിലെ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട കമ്മ്യൂണിറ്റി ഹാൾ നവീകരണവുമായി ബന്ധപ്പെട്ട് ഡിസ്മാന്റിൽ ചെയ്ത ഇലക്ട്രിക് സാധനങ്ങൾ, ഫർണിച്ചറുകൾ എന്നിവ നാളിതുവരെയും ലേലം ചെയ്തിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 154 പ്രകാരം ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവ നടപടി സ്വീകരിക്കേണ്ടതാണ്. മുൻവർഷ റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചിരുന്നതാണ്.

## 3-11 അങ്കണവാടികൾ- പഞ്ചായത്ത് നിരീക്ഷണക്കമ്മിറ്റി രൂപീകരിക്കണം

അങ്കണവാടി വെൽഫെയർ കമ്മിറ്റിക്ക് പുറമേ അങ്കണവാടി നിരീക്ഷണക്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. (ജി.ഒ(എം.സ്)4/2016/ത.സ്വ.ഭ.വ 1.1.2016) ഗ്രാമസഭാ അംഗങ്ങളിൽ പൊതുസമ്മതരായ 5 പേർ അടങ്ങുന്നതാണ് മേൽ കമ്മിറ്റി. അങ്കണവാടികളിൽ നിന്നും യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും ഗുണനിലവാരവും പരിശോധിക്കുന്നതാണ് കമ്മിറ്റിയുടെ ചുമതല. ഈ കമ്മിറ്റി മാസത്തിൽ ഒരു തവണയെങ്കിലും അങ്കണവാടികൾ സന്ദർശിക്കേണ്ടതും റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതും ആണ്. എന്നാൽ പ്രസ്തുത കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 സബ്സിഡി മാർഗരേഖയിലെ അവ്യക്തത – സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു

ക്ഷേമകാര്യ സ്റ്റാൻറിംഗ്കമ്മിറ്റിക്കു കീഴിലെ ദാരിദ്ര്യലഘൂകരണം എന്ന വർക്കിംഗ് ഗ്രൂപ്പിൻറെ മേൽനോട്ടത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പദ്ധതിയുടെ പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 150/17 | ഭവനപുനരുദ്ധാരണം (ജനറൽ) | വികസനഫണ്ട് (ജനറൽ) | 4000000 | 4000000 |
| 152/17 | ഭവനപുനരുദ്ധാരണം (എസ്.സി) | വികസനഫണ്ട് (എസ്.സി.പി) | 540000 | 507500 |
| | | ആകെ | 4540000 | 4507500 |
| നിർവ്വഹണോദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | | | |

സ.ഉ.(എം.എസ്) 80/17 തസ്വഭവ തീ:3.04.2017 പ്രകാരം ദാരിദ്ര്യലഘൂകരണത്തിനു വേണ്ടി വീട് വയറിംഗ്, മേൽക്കൂര മാറ്റൽ, വീട് വാസയോഗ്യമാക്കൽ എന്നീ പ്രോജക്ടുകളാണ് അനുവദിച്ചു നൽകിയിട്ടുള്ളത്. വീട് വാസയോഗ്യമാക്കുക എന്നതിന്റെ സബ്സിഡി നിർദ്ദേശത്തിൽ ഗുണഭോക്താക്കൾ എന്തൊക്കെ പ്രവർത്തികൾ നിർവ്വഹിക്കണമെന്നോ ഏതൊക്കെ ഇനങ്ങൾക്കാണ് സബ്സിഡി അനുവദിക്കാവുന്നതെന്നോ എസ്റ്റിമേറ്റിന്റെ എത്ര ശതമാനത്തിനാണ് അർഹത ഉള്ളതെന്നോ കൃത്യമായ നിർദ്ദേശമില്ല. ഇക്കാരണത്താൽ പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ വ്യത്യസ്ത രീതിയിൽ നിർമ്മാണപ്രവൃത്തികൾ നടത്തുകയും അതിനനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ഹാജരാക്കി ആനുകൂല്യം കൈപ്പറ്റുകയും ചെയ്യുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഈ പദ്ധതിക്കായി 45,40,000/- രൂപ വികസനഫണ്ട് വകയിരുത്തുകയും 76 ഗുണഭോക്താക്കൾക്ക് (40 ജനറൽ, 36 എസ്.സി) ആനുകൂല്യം അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ 69 ഗുണഭോക്താക്കൾ Flooring with cement concrete and plastering എന്ന നിരക്ക് കുറഞ്ഞ ഇനം ഉൾപ്പെടുത്തിയാണ് പ്രവൃത്തി നിർവഹിച്ചിട്ടുള്ളത്. 7 പേർ എസ്റ്റിമേറ്റിൽ സെറാമിക് ടൈൽസ് ഉപയോഗിച്ച് നിലം പാകൽ എന്ന കൂടിയ നിരക്കിലുള്ള പ്രവൃത്തി ഉൾപ്പെടുത്തിയാണ് സബ്സിഡി ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത്. വാസയോഗ്യമാക്കൽ എന്നതിലുപരി മോടിപിടിപ്പിക്കൽ പ്രവൃത്തിയാണ് ഇത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | എസ്റ്റിമേറ്റ് തുക | ടൈൽ പാകിയതിന് ചെലവായ തുക | ടൈൽ ഉൾപ്പെടാതെ അനുവദിക്കാവുന്ന തുക | നേടിയ ആനുകൂല്യം |
|---|---|---|---|---|---|
| ജനറൽ | | | | | |
| 1 | ശ്രീമതി ലീല | 165000 | 98400 | 66600 | 100000/- |
| 2 | ശ്രീമതി പുഷ്പലത | 165000 | 98400 | 66600 | 100000/- |
| 3 | ശ്രീമതി സിന്ധു | 150000 | 52890 | 97110 | 100000/- |
| 4 | ശ്രീമതി കനകം | 136000 | 40800 | 95200 | 100000/- |
| എസ്.സി | | | | | |
| 1 | ശ്രീമതി അനിത.റ്റി | 190000 | 54735 | 135265 | 150000 |
| 2 | ശ്രീമതിശ്രീകുമാരി.കെ | 190000 | 52890 | 137110 | 150000 |
| 3 | ശ്രീമതി ഭവാനി.സി | 190000 | 60270 | 129730 | 150000 |

പ്രസ്തുത പ്രോജക്ടിന്റെ ഗുണഭോക്താക്കളിൽ 10 ശതമാനത്തോളം പേർക്ക് ഇപ്രകാരം അധികം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

കൃത്യമായ മാർഗനിർദ്ദേശങ്ങൾ ലഭ്യമല്ലാത്തതിനാൽ നിർവ്വഹണോദ്യോഗസ്ഥർ ഇപ്രകാരം അനധികൃത ധനസഹായം അനുവദിച്ചുനൽകുന്ന സാഹചര്യമുണ്ട്. ഈ വിഷയത്തിൽ സർക്കാരിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ചെലവ് - 50,000/-രൂ തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നം | പദ്ധതിയുടെ പേര് | വിഭാഗം | അടങ്കൽ രൂ | ചെലവ് രൂ |
|---|---|---|---|---|
| S0006/18 | പരിശീലനം ലഭിച്ച യുവതീ യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി നൽകൽ | വികസന ഫണ്ട് (എസ്.സി.പി) | 8,00,000/- | 8,00,000/- |

ഓട്ടോറിക്ഷ ഓടിക്കുവാൻ അംഗീകൃത ലൈസൻസുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയുടെ പിൻബലത്തിൽ ഓട്ടോറിക്ഷ വാങ്ങുവാൻ 50,000/-രൂ വീതം സബ്സിഡി നൽകാനുദ്ദേശിച്ചുള്ളതാണ് പ്രസ്തുത പ്രോജക്ട്.

ഖണ്ഡിക 3-2 ൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഗുണഭോക്തൃതെരഞ്ഞെടുപ്പിൽ സംഭവിച്ച അപാകത മൂലം അനർഹരായവർക്ക് ആനുകൂല്യം ലഭിച്ച സാഹചര്യമുണ്ട്. ഉദാഹരണമായി, ശ്രീ. ലാല്യ, വാറുവിളവീട്, പിരപ്പൻകോട്ടുകോണം എന്ന ഗുണഭോക്താവിന് ഓട്ടോറിക്ഷ ഓടിക്കുന്നതിനുള്ള ലൈസൻസ് ഇല്ലായെന്ന് കാണുന്നു. അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള രേഖകൾ പ്രകാരം ടിയാന് LMV, HPMV, HGMV എന്നീ വാഹനങ്ങൾക്കുള്ള ലൈസൻസ് മാത്രമാണുള്ളത്. സ.ഉ(എം.എസ്) 80/17/തസ്വഭവ നം. മാർഗ്ഗരേഖയിലെ ഖണ്ഡിക8(7)ലെ നിബന്ധനയ്ക്കും പ്രോജക്ട് നിർദ്ദേശങ്ങൾക്കും വിരുദ്ധമായി നടത്തിയ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലുള്ള പട്ടികജാതി വികസനവർക്കിംഗ് ഗ്രൂപ്പാണ് ടി പദ്ധതിയുടെ മോണിറ്ററിംഗ് നടത്തേണ്ടിയിരുന്നത്. മോണിട്ടറിംഗ് സമിതികളൊന്നും പദ്ധതി അവലോകന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.9) മറുപടിയായി അധികൃതർ അറിയിച്ചിട്ടുണ്ട്. മോണിട്ടറിംഗ് നടപടികൾ കാര്യക്ഷമമാക്കി അർഹരായവർക്ക് തന്നെയാണ് ആനുകൂല്യം ലഭിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-14 ബാലസഭയ്ക്കായി ചെലവാക്കിയ തുക നിഷ്ഫലം

കുടുംബശ്രീ പ്രസ്ഥാനത്തിനു കീഴിലെ കുട്ടികളുടെ കൂട്ടായ്മയാണ് ബാലസഭകൾ. കുട്ടികളുടെ സർഗ്ഗാത്മകമായ വളർച്ചയ്ക്കു വേണ്ടി നിലകൊള്ളുന്ന ബാലസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക എന്നത് ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലെ വിദ്യാഭ്യാസം വർക്കിംഗ് ഗ്രൂപ്പിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് ഭാഗം 4ൽ ഉൾപ്പെട്ടിട്ടുള്ളതാണ്. സ.ഉ(എം.എസ്) 80/17/തസ്വഭവ നം ഉത്തരവിന്റെയും സർക്കാരിൽ നിന്നുള്ള പ്രത്യേക നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട പ്രസ്തുത പ്രോജക്ടിനായി 29,800/-രൂപ ചെലവഴിച്ചിട്ടുണ്ട്. 9,800/-രൂപയ്ക്ക് ഒരു അലമാരയും 20,000/-രൂപയ്ക്ക് പുസ്തകങ്ങളുമാണ് വാങ്ങിയിട്ടുള്ളത്.

ഭരണസമിതിയുടെ 13.12.2017ലെ യോഗം ടി പുസ്തകങ്ങളുടെ വിതരണം സി.ഡി.എസ്. അംഗങ്ങൾ വഴി അതതു വാർഡുകളിലെ ബാലസഭകളിൽ വിതരണം ചെയ്യുന്നതിന് സി.ഡി.എസ്.-നെ ചുമതലപ്പെടുത്തി തീരുമാനിച്ചു. എന്നാൽ, നാളിതുവരെ പുസ്തകങ്ങൾ കുട്ടികളിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 3-15 ആരോഗ്യമേഖല- സ്റ്റാറ്റസ് റിപ്പോർട്ടും നടപ്പിലാക്കിയപദ്ധതികളും പൊരുത്തമില്ല

i) 2017-18 സാമ്പത്തിക വർഷം ആരോഗ്യമേഖലയിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിയ്ക്കുന്ന പ്രശ്നതീവ്രത ലഘൂകരിയ്ക്കുന്നതിന് വേണ്ടി പദ്ധതി ആസൂത്രണപ്രക്രിയയിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ കീഴിലുള്ള ആരോഗ്യം എന്ന വർക്കിംഗ് ഗ്രൂപ്പ് വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | പ്രശ്ന വിശകലനം | പ്രശ്നത്തിന്റെ തീവ്രത | തൻവർഷത്തെ പ്രോജക്ട് ആശയങ്ങൾ | തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ |
|---|---|---|---|---|
| 1 | ജല ദൗർലഭ്യത | ഗുരുതരം | 1. സബ് സെന്ററുകൾ ആരംഭിക്കുക<br>2.റിസർച്ച് സെന്ററുകൾ | PHC –<br>1. പാലിയേറ്റീവ് പരിചരണം. |

| | | | | |
|---|---|---|---|---|
| 2 | ജീവനക്കാരുടെ അഭാവം | ഗുരുതരം | സ്ഥാപിക്കുക<br><br>3.കിടത്തിചികിൽസ ആരംഭിക്കുക<br><br>4.ഔഷധസസ്യതോട്ടം ആരംഭിക്കുക<br><br>5. സോളാർ പാനൽ വയ്ക്കുക<br><br>6.KASH/NABH Accreditation നിലവാരത്തിലേക്ക് ആശുപത്രികളെ ഉയർത്തുക<br><br>7.പി.എച്ച്.സി യുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക (patient waiting area, child friendly immunization room, store (a/c) with rack for keeping medicines etc) | 2. PHC യ്ക്ക് മരുന്നും, അനുബന്ധ ഉപകരണങ്ങളും. 3.വയോജന പരിപാലനം<br><br>4.ലാബ് ടെക്നീഷ്യന്റെ ശമ്പളം<br><br>5.ലാബിലേയ്ക്ക് റീ ഏജന്റുകൾ<br><br>6. PHCയ്ക്ക് അടിസ്ഥാന സൗകര്യം<br><br>7.മാലിന്യ സംസ്കരണം |
| 3 | വർദ്ധിച്ചു വരുന്ന ജീവിത ശൈലീരോഗങ്ങൾ | ഗുരുതരം | | |
| 4 | സ്ത്രീജനങ്ങളുടെയും കുട്ടികളുടെയും ആരോഗ്യപ്രശ്നം. | ഗുരുതരം | | |
| 5 | ക്രിയാക്രമങ്ങൾ ചെയ്യുന്നതിന് സൗകര്യമില്ലായ്മ | ഗുരുതരം | | ഹോമിയോ:<br><br>മരുന്ന് വാങ്ങൽ<br><br>പ്രോജക്ട് നം:125/18 |
| 6 | പ്ലാസ്റ്റിക്ക് മാലിന്യം | ലഘു | | |
| 7 | ഐ.എസ്.ഒ തുടർപ്രവർത്തനം | ലഘു | | ആയുർവേദം:<br><br>ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ<br><br>പ്രോജക്ട് നം: 169/2018 |
| 8 | കിടത്തി ചികിൽസ | ഗുരുതരം | | |

സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നത് അതത് മേഖലയുടെ നിലവിലെ പ്രശ്ന വിശകലനവും, പ്രശ്ന പരിഹാര സാദ്ധ്യതകളും പഠനവിധേയമാക്കി മുൻഗണനാക്രമത്തിൽ പ്രോജക്ടുകൾ തയാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതാണ് 13-ാം പഞ്ചവൽസര പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/25.07.18) ഗ്രാമപഞ്ചായത്തിന് അനുവദിച്ച നൽകിയ വികസനഫണ്ടിന്റെ

സിംഹഭാഗവും സർക്കാർ നിർദ്ദേശിക്കുന്ന നിർബന്ധിത വകയിരുത്തലുകൾക്ക് ഉൾപ്പെടുത്തുന്നതിനാൽ അടിസ്ഥാന വിഷയങ്ങളിൽ തുക വകയിരുത്തുവാൻ ഗ്രാമപഞ്ചായത്തിനാകുന്നില്ല എന്നറിയിച്ചു. സ്ഥാപനത്തിന്റെ പ്രശ്ന വിശകലനത്തിലുൾപ്പെട്ട പ്രശ്നതീവ്രത കൂടിയ വിഷയങ്ങൾക്ക് പ്രാധാന്യം നല്കി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്.

ii) കൈമാറിക്കിട്ടിയ ആരോഗ്യസ്ഥാപനങ്ങളുടെ ചുവടെചേർത്തിട്ടുള്ള ഭൗതിക-അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഫണ്ടിന്റെ അപര്യാപ്തത നിലനില്ക്കുന്നതിനാൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഴി വിഭവ സമാഹരണം നടത്താൻ നിയമം അനുവദിയ്ക്കുന്നു. (2010ലെ കേ.പ.രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടങ്ങൾ 6(i) & (ii) ) അത്തരം നിയമാനുസൃത നടപടിയിലൂടെ വിഭവസമാഹരണം നടത്തി ചുവടെ ചേർത്തിട്ടുള്ള സൗകര്യങ്ങൾ ഒരുക്കാൻ ശ്രദ്ധിയ്ക്കാവുന്നതാണ്.

| ക്രമ നം | ഇനം | ഉണ്ട്/ ഇല്ല |
|---|---|---|
| 1 | സ്വകാര്യത ഉറപ്പാക്കുന്ന പരിശോധന മുറി | ഇല്ല |
| 2 | ഇരിപ്പിട സൗകര്യം | ഉണ്ട് (പരിമിതം) |
| 3 | ഇൻജക്ഷൻറൂം | ഇല്ല |
| 4 | ഒബ്സർവേഷൻ റൂം | ഇല്ല |
| 5 | മുലയൂട്ടൽ കോർണർ | ഇല്ല |
| 6 | മാലിന്യ സംസ്കരണ സംവിധാനം | ഇല്ല |
| 7 | മൈനർ ഓപ്പറേഷൻ തിയറ്റർ | ഇല്ല |
| 8 | ടോയിലെറ്റ്-സ്ത്രീ സൗഹൃദം, ശിശു സൗഹൃദം, ഭിന്നശേഷി | ഇല്ല |
| 9 | ഫയർ & സേഫ്റ്റി | ഇല്ല |
| 10 | പൗരാവകാശ സേവനബോർഡ് | ഇല്ല |
| 11 | മറ്റ് ബോർഡുകൾ | ഇല്ല |
| 12 | രോഗപ്രതിരോധകുത്തിവയ്പ്പ് മുറി (എസി) | ഇല്ല |

## 3-16 <u>മരുന്ന് വാങ്ങൽ പദ്ധതി-ചെലവ് തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല.-തുക തടസ്സപ്പെടുത്തുന്നു</u>

| ക്രമ നം | പദ്ധതി നം/ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നം തീയതി | നിർവഹണം |
|---|---|---|---|---|---|
| 1 | S0169/2018 (ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന്) | 11,00,000/-മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 10,0000/- | 1/17-18 , 12.01.2018 | മെഡിക്കൽ ഓഫീസർ-ആയുർവേദം |
| 2 | 100/2017-18: PHC യിലേക്ക് മരുന്ന് വാങ്ങൽ | 5,30,000/-(മെയിന്റൻസ് ഫണ്ട്-റോഡിതരം) | 5,30,000/- | 4/17-18, 13.10.2017, 14/17-18, 19.12.2017, 19/17-18, 16.02.2018, 22/17-18, 27.02.2018: | മെഡിക്കൽ ഓഫീസർ, അലോപ്പതി |
| 3 | 99/2017-18 - പാലിയേറ്റീവ് പരിചരണം. | 7,49,000 (വികസന ഫണ്ട്-ജനറൽ) | 4,00,000 | 11/17-18, 19.12.2017: 12/17-18, 19.12.2017 20/17-18, 16.02.2018 | മെഡിക്കൽ ഓഫീസർ, അലോപ്പതി |

ക്രമ നം (1) പ്രകാരം പ്രസ്തുത പ്രോജക്ടിലേക്കായി 10,00,000/- രൂപ ആയുർവേദ മരുന്ന് വിതരണ സ്ഥാപനമായ ഔഷധിക്ക് കൈമാറിയിട്ടുണ്ടെങ്കിലും 5,66,380/-രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. 4,33,620/- രൂപയുടെ മരുന്ന് ഇനിയും കിട്ടാൻ അവശേഷിക്കുന്നു. 4,33,620/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ക്രമ നം (2) പ്രകാരം PHC യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി 5,30,000/- രൂപ പിൻവലിച്ച് മരുന്ന് വിതരണ സ്ഥാപനമായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് (KMSCL) കൈമാറിയിട്ടുണ്ട്. ഇതുവരെ 467029/- രൂപയുടെ മരുന്നുകളാണ് KMSCL ൽ നിന്നും ലഭിച്ചിട്ടുള്ളത്. 62,971/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല.

ക്രമ നം(3) പ്രകാരംമെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പാലിയേറ്റീവ് പരിചരണം പദ്ധതിയിൽ 4,00,000/- രൂപ പിൻവലിച്ച് മരുന്ന് വിതരണ സ്ഥാപനമായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്(KMSCL) കൈമാറിയിട്ടുണ്ട്. ഇതുവരെ 2,08,570/- രൂപയുടെ മരുന്നുകളാണ് കോർപ്പറേഷനിൽ നിന്നും ലഭിച്ചിട്ടുള്ളത്. 1,91,430/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല. 2,54,401/- രൂപയുടെ ചെലവ് (62971+ 191430) തടസ്സപ്പെടുത്തുന്നു.

ഈ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (no.7/23.07.2018), (no.29/28.07.2018) മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയുംശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.23,61,507/- രൂപ തടസ്സപ്പെടുത്തുന്നു

വിവിധ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ ഒടുക്കു വരുത്തിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് / നമ്പർ | തുക കൈപ്പറ്റിയ സ്ഥാപനം | തുക | ബിൽ നം/ ട്രഷറി റഫറൻസ് നമ്പർ | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണി 11/18 | ഇൻഫർമേഷൻ കേരള മിഷൻ | 50000 | 6/18/24.07.17 | സെക്രട്ടറി |
| 2 | പൈപ്പ് ലൈൻ നീട്ടൽ(ജനറൽ)163/18 | കേരളാവാട്ടർ അതോറിട്ടി | 2211507 | 24/18/28.10.17 | സെക്രട്ടറി |
| 3 | ജലശ്രീ | ജില്ലാപഞ്ചായത്ത് | 100000 | 18653/21.02.18 | കൃഷിഓഫീസർ |
| ആകെ | | | 2361507 | | |

## 3-18 പദ്ധതി മോണിട്ടറിംഗ് നടത്തിയിട്ടില്ല

2017-18 സാമ്പത്തികവർഷം പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല. 29.3.2017ലെ സ.ഉ(എം.എസ്)72/2017/ത.സ്വ.ഭ.വ സർക്കാർ ഉത്തരവിലെ ഖണ്ഡിക 14.6 പ്രകാരം പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതും, അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതുമാണ്. 26.05.2017-ലെ ജനറൽകമ്മിറ്റിയിലെ 2(3) തീരുമാനപ്രകാരം വർക്കിംഗ് ഗ്രൂപ്പുകളെ മോണിട്ടറിംഗ് സമിതിയായി അംഗീകരിച്ചിട്ടുണ്ടെങ്കിലും മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണെന്ന നിയമ പരമായചുമതല നിർവഹിച്ചിട്ടില്ല. ഇക്കാര്യം മേൽനോട്ടച്ചുമതലയുള്ള അതത് സ്റ്റാന്റിംഗ്കമ്മിറ്റികൾ ഉറപ്പുവരുത്തിയിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 34000 | ഒന്നാംവിള നെൽ കൃഷിക്ക് ഉല്പാദന ഉപാധികൾ വിതരണം | 34000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 34000 | ഒന്നാംവിള നെൽ കൃഷിക്ക് ഉല്പാദന ഉപാധികൾ വിതരണം | 34000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 20400 | ജൈവപച്ചക്കറികൃഷി | 20400 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 20400 | ജൈവപച്ചക്കറികൃഷി | 20400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 357750 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 357750 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ക്ഷീരവർദ്ധിനി | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 200000 | ക്ഷീരവർദ്ധിനി | 121350 | 78650 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ്ഇബി | ഗതാഗതത്തിന് തടസം നില്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(ജനറൽ) | 268015 | 231907 | 36108 |
| കെഎസ്ഇബി | ഗതാഗതത്തിന് തടസം നില്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(എസ്.സി.പി) | 100000 | 51906 | 48094 |
| കെഎസ്ഇബി | സ്ട്രീറ്റ് മെയിൻ നീട്ടൽ (എസ്.സി.പി) | 321842 | 321563 | 279 |
| കെ.ഡബ്ല്യൂ.എ | പൈപ്പ് ലൈൻ നീട്ടൽ | 8547000 | 6335493 | 2211507 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

| പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ/ വൗച്ചർ നം | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ / വിനിയോഗം/ വീഴ്ചകൾ എന്നിവയുടെ വിവരം

| 2016-17 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിക്കാന വശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം |
|---|---|---|---|---|
| ഇല്ല | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. / തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ.(സാ)നം. 275/2010 ത.സ്വ.ഭ.വ തീയതി 27.1.2010 | 27604500/- | 4497245 | 3611667 | - | 885578 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യാഗപ്പേരും | രസീത് നം / തീയതി |
|---|---|---|---|---|---|
| 1 | 2012-13 | 3(2) | 2734 | അനിത ഹരികുമാർ, മെമ്പർ | 11708010052/3.5.17 |
| 2 | 2015-16 | 3(1) | 14736 | സതീഷ് | 117080100525/3.5.17 |
| 3 | 2015-16 | 3(2) | 8732 | മനോജ് | 117080100526/3.5.17 |
| 4 | 2012-13 | 3(2) | 2734 | പ്രഭാകരൻ നായർ മെമ്പർ | 117080100543/4.5.17 |
| 5 | 2010-11 | 3(6a) | 18177 | അൻവർ ഹുസൈൻ. EE DP | 117080106155/6.2.18 |
| 6 | 2011-12 | 3(3) | 17540 | സദ്മം | 1170801001788/ 31.7.17 |
| 7 | 2010-11 | 3(6a) | 18177 | സുനിത കുമാരി | 117080104815/ 22.12.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഇല്ല

## 4-8 ചാർജ്-സർചാർജ് നടപടികളുടെ വിവരം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 4650 | ശ്രീ.എ.നൗഷാദ്, കൃഷിഓഫീസർ |

(ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-13 | 50000 | ശ്രീ. വിദ്യാധരൻ നായർ, അസി.സെക്രട്ടറി |

| | | |
|---|---|---|
| 3-16 | 433620 | ഡോ.ദീപ പി., മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-16 | 254401 | ഡോ.ലക്ഷ്മി ജി.ജി, മെഡിക്കൽ ഓഫീസർ, PHC |
| 3-17 | 50000 | ശ്രീമതി. അരുണ പ്രഭ എ.ആർ, സെക്രട്ടറി |
| 3-17 | 2211507 | ശ്രീമതി. അരുണ പ്രഭ എ.ആർ, സെക്രട്ടറി |
| 3-17 | 100000 | ശ്രീ.എ നൗഷാദ്, കൃഷി ഓഫീസർ |
| ആകെ | 3099528 | |

സി. ഭരണതല നടപടിയ്ക്ക് ശുപാർശ ചെയ്ത ഖണ്ഡികകളുടെ വിവരം.

| സംസ്ഥാനസർക്കാർ | ഗ്രാമപഞ്ചായത്ത് | പഞ്ചായത്ത് വകുപ്പ് | ഐ.കെ.എം |
|---|---|---|---|
| 3-12 | 3-12ഒഴികെയുള്ള മറ്റ് ഖണ്ഡികകൾ | ഇല്ല | ഇല്ല |

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എ.നൗഷാദ് കൃഷിഓഫീസർ | കൃഷിഭവൻ മുദാക്കൽ | വടക്കേബംഗ്ലാവ് വലിയകുന്ന് MNRA-15അവനവഞ്ചേരി.പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-2001 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 3 |
| 2004-2005 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2018/ തീയതി 8.06.2018 | 1 |
| 2006-2007 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2018/ തീയതി 8.06.2018 | 2 |
| 2007-2008 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2018/ തീയതി 8.06.2018 | 4 |

| | | |
|---|---|---|
| | | |
| 2008-2009 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2018/ തീയതി 8.06.2018 | 3 |
| 2009-2010 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 4 |
| 2010-2011 | എൽ.എഫ്.റ്റി.ഡി.ജി.പി8/ 710/12 തീയതി 21.06.2016 | 4 |
| 2011-2012 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 5 |
| 2012-2013 | എൽ.എഫ്.റ്റി.ഡി.ജി.പി8/136/14 തീയതി 08.07.14 | 6 |
| 2013-2014 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 5 |
| 2014-2015 | കെ. എസ് .എ .റ്റി. വി. എം.ജി .പി8 /952/16 തീയതി30.06.16 | 10 |
| 2015-16 | കെ. എസ് .എ .റ്റി. വി. എം.ജി .പി8 /1918/16 തീയതി 04.11.16 | 6 |
| 2016-17 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി .8/1663/17 തീയതി 04.08.17 | 27 |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)- 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ള ന്യൂനതകൾ ഒഴികെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പും 2003 ജൂൺ 12ലെ നമ്പർ 3/19/2003/ധന തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്